(ബി) 2014-15 വർഷത്തിൽ ഫെബ്രുവരി മാസം അവസാനം വരെ പ്രസ്തുത ഇനത്തിലുള്ള വരുമാനം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	നികുതി വരുമാനം (കോടിയിൽ)
2011-12	659.72
2012-13	925.01
2013-14	1021.76
2014-15 31-1-2015 വരെ	919.54

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആകെ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടില്ല.

റബ്ബർ വിപണനവുമായി ബന്ധപ്പെട്ട് നികുതി വരുമാനം

219 (565) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിപണനവുമായി ബന്ധപ്പെട്ട് ഒരു വർഷം ശരാശരി ലഭിക്കുമായിരുന്ന നികുതി വരുമാനം എത്രയാണ് ; നടപ്പ് വർഷം ലഭിച്ചത് എത്ര ;

(ബി) കഴിഞ്ഞ പത്ത് വർഷം റബ്ബറുമായി ബന്ധപ്പെട്ട് ലഭിച്ച നികുതി വരുമാനം മൊത്തം എത്ര കോടി രൂപ വീതമായിരുന്നു ; കണക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) റബ്ബർ വിപണനവുമായി ബന്ധപ്പെട്ട് ഒരു വർഷം ശരാശരി 390 കോടി രൂപ നികുതി വരുമാനം ലഭിക്കുമായിരുന്നു. നടപ്പ് വർഷം 31-1-2015 വരെ 194.94 കോടി രൂപ ലഭിച്ചു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly